കശുവണ്ടി പരിപ്പ് കച്ചവടവും ഡ്യൂട്ടി സ്കീപ് ആനുകൂല്യവും

248 (615) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മുതൽ 2015 വരെ കയറ്റുമതി ചെയ്ത കശുവണ്ടി പരിപ്പിന്റെ അളവും അതിലൂടെ ലഭിച്ച തുകയും വർഷം തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ ;

(ബി) 2011 മുതൽ 2015 വരെ കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര കച്ചവടം എത്രയെന്നും ലഭിച്ച തുക എത്രയെന്നും വർഷം തിരിച്ച് കണക്ക് ലഭ്യമാക്കുമോ ;

(സി) 2011 മുതൽ 2015 വരെ കെ.എസ്.സി.ഡി.സി.-യും കാപെക്സും കയറ്റുമതി ചെയ്ത കശുവണ്ടി പരിപ്പിന്റെ അളവും അതിലൂടെ ലഭിച്ച തുകയും വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(ഡി) 2011 മുതൽ 2015 വരെ കെ.എസ്.സി.ഡി.സി.-യും കാപെക്സും ആഭ്യന്തര കച്ചവടത്തിലൂടെ വിറ്റ കശുവണ്ടിപ്പരിപ്പിന്റെ കണക്ക് ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത കാലയളവിൽ കയറ്റുമതി പ്രോത്സാഹനത്തിന്റെ ഭാഗമായി കശുവണ്ടിക്ക് ലഭ്യമായ ഡ്യൂട്ടി സ്കീപ് ആനുകൂല്യം എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത കാലയളവിൽ ഡ്യൂട്ടി സ്കീപ് ഇനത്തിൽ കെ.എസ്.സി.ഡി.സി.-യ്ക്കും കാപെക്സിനും ലഭിച്ച തുക എത്രയെന്ന്, വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ജി) ഡ്യൂട്ടി സ്കീപ് ആനുകൂല്യം അഞ്ച് ശതമാനത്തിൽ നിന്നും രണ്ട് ശതമാനമായി വെട്ടിക്കുറച്ച നടപടി കേന്ദ്ര സർക്കാർ പിൻവലിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; ഡ്യൂട്ടി സ്കീപ് ആനുകൂല്യം പുനഃസ്ഥാപിച്ചിട്ടില്ലെങ്കിൽ പുനഃസ്ഥാപിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) കശുവണ്ടി പരിപ്പിന്റെ ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	അളവ് (മെട്രിക് ടൺ)	മൂല്യം രൂപ (കോടിയിൽ)
2010-11	105755	2819.39
2011-12	130869	4383.82
2012-13	100105	4046.23
2013-14	114791	5058.73
2014-15	118952	5432.85

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ 2011 മുതൽ 2015 വരെ കയറ്റുമതി ചെയ്ത കശുവണ്ടി പരിപ്പിന്റെ അളവും അതിലൂടെ ലഭിച്ച തുകയും സംബന്ധിച്ച വിവരം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

വർഷം	അളവ് (മെട്രിക് ടൺ)	തുക രൂപ (ലക്ഷം)
2011-12	12.795	54.71
2012-13	...	...
2013-14	15	62.52
2014-15	...	...

കാപെക്സിൽ നിന്നും കയറ്റുമതി ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	തുക്കം (മെട്രിക് ടൺ)	വില രൂപ (ലക്ഷം)
2011-12	...	...
2012-13	396.024	1573.61
2013-14	476.388	2117.42
2014-15	331.752	1440.49

(ഡി) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ 2011 മുതൽ 2015 വരെ ആഭ്യന്തര കച്ചവടത്തിലൂടെ വിറ്റ കശുവണ്ടി പരിപ്പിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

വർഷം	അളവ് (മെട്രിക് ടൺ)	തുക രൂപ (കോടി)
2011-12	7564.593	266.69
2012-13	3619.307	124.71
2013-14	3323.321	122.27
2014-15	3586.80	141.91

LIBRARY ARCHIVES Kerala Legislative Assembly

കാപെക്സ് ആഭ്യന്തര വിപണി വഴി വിറ്റഴിച്ചത്:

വർഷം	തുക്കം (മെടിക് ടൺ)	വില (ലക്ഷം)
2011-12	1988	6687.00
2012-13	1756	5221.00
2013-14	1223	3978.00
2014-15	1520	5845.00

(ഇ) 2011 മുതൽ 2015 വരെയുള്ള പ്രസ്തുത കാലയളവിൽ കയറ്റുമതി പ്രോത്സാഹനത്തിന്റെ ഭാഗമായി ലഭ്യമായ ഡ്യൂട്ടി സ്ക്രിപ് ആനുകൂല്യം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

29-9-2011 വരെ - 6.5 ശതമാനം

30-9-2011 മുതൽ 31-3-2015 വരെ - 6 ശതമാനം

1-4-2015 മുതൽ 28-10-2015 വരെ 'എ, 'ബി' എന്നീ കാറ്റഗറിയിൽ വരുന്ന രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുമ്പോൾ 2% കയറ്റുമതി ആനുകൂല്യവും 1% ഡ്രോബാക്കും ഉൾപ്പെടെ 3% ആനുകൂല്യം ലഭിക്കുന്നു. 'സി' കാറ്റഗറിയിൽ വരുന്ന രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുമ്പോൾ ആനുകൂല്യം ലഭിക്കുന്നതല്ല.

29-10-2015 മുതൽ എല്ലാ രാജ്യങ്ങളിലേയ്ക്കും കയറ്റുമതി ചെയ്യുമ്പോൾ 3% കയറ്റുമതി ആനുകൂല്യവും 1% ഡ്രോബാക്കും ഉൾപ്പെടെ 4% ആനുകൂല്യവും ലഭിക്കുന്നതാണ്.

(എഫ്) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് ഡ്യൂട്ടി സ്ക്രിപ് ഇനത്തിൽ ലഭിച്ച തുക സംബന്ധിച്ച കണക്ക് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

വർഷം	ഡ്യൂട്ടി സ്ക്രിപ് തുക
2011-12	...
2012-13	...
2013-14	3,13,57,758 രൂപ
2014-15	10,97,462 രൂപ

LIBRARY ARCHIVES Kerala Legislative Assembly

കാപെക്സിന് കിട്ടിയ കയറ്റുമതി ആനുകൂല്യങ്ങൾ താഴെ വിവരിക്കുന്നു:

വർഷം	ഡ്യൂട്ടി സ്ക്രിപ് തുക
2011-12	നേരിട്ടുള്ള കയറ്റുമതിയില്ല
2012-13	15.51 ലക്ഷം രൂപ
2013-14	143.33 രൂപ
2014-15	130.94 രൂപ

(ജി) ഭാഗികമായി പുനഃസ്ഥാപിച്ചിട്ടുണ്ട്. 29-10-2015 മുതൽ വെട്ടിക്കുറച്ച MEIS ആനുകൂല്യം 2% എന്നത് 3% ആക്കിയിട്ടുണ്ട്. മുമ്പ് 2% 'എ, 'ബി' കാറ്റഗറിയിലുള്ള രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്താൽ മാത്രമേ ലഭിക്കുമായിരുന്നുള്ളൂ. എന്നാൽ 29-10-2015 മുതൽ 3% വരെ എല്ലാ രാജ്യങ്ങളിലേയ്ക്കും കയറ്റുമതി ചെയ്താൽ ലഭിക്കും.

എമർജിംഗ് കേരള

249 (616) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പാലോട് രവി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എമർജിംഗ് കേരള നിക്ഷേപകസംഗമം വഴി പദ്ധതികൾ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ആയത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരളത്തിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനുംവേണ്ടി 2012 സെപ്റ്റംബർ 12 മുതൽ 14 വരെ എമർജിംഗ് കേരള സംഗമം കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly